# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4650 04.02.2014 - ൽ മറുപടിക്ക്

### ഇത്തിക്കര ആറിനു കുറുകെ നടപ്പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മരക്കുളം എന്ന സ്ഥലത്ത് ഇത്തിക്കര ആറിന് കുറുകെ നടപ്പാലം നിർമ്മിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നോ ; എങ്കിൽ എന്നാണ് നിർദ്ദേശം ലഭിച്ചതെന്നും നടപ്പാലം പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സം എന്തായിരുന്നുവെന്നും അറിയിക്കാമോ ;<br><br>(ബി) പ്രസ്തുത നടപ്പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത നടപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (എ), (ബി) & (സി) നിർദ്ദേശം ലഭിച്ചിരുന്നു. 14.07.2012 - ന് ആണ് ബഹു. എം. എൽ. എ ശ്രീ. ജയലാലിന്റെ നിർദ്ദേശം ലഭിച്ചത്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ 17.12.2012 തീയതിയിൽ പൂർത്തിയാക്കുകയും, കോൺക്രീറ്റ് ബ്രിഡ്ജിനായി 190 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് 19.03.2013 - ൽ ലഭിക്കുകയുമുണ്ടായി. എന്നാൽ ആസ്തി വികസന ഫണ്ടിൽ 70 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ. പിന്നീട് ബഹു. എം. എൽ. എ യുടെ നിർദ്ദേശ പ്രകാരം പൊതുമേഖലാ സ്ഥാപനമായ "കെൽ" മുഖേന സ്റ്റീൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 75 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പ്രോജക്ടിന് അംഗീകാരം |

നൽകിയില്ല. തുടർന്ന് സ്ട്രക്ചറൽ ഡിസൈൻ ഔട്ട് സോർസ് ചെയ്ത് പൊതുമരാമത്ത് വകുപ്പ് മുഖേന പ്രസ്തുത സ്റ്റീൽ പാലം നിർമ്മിക്കുവാൻ തീരുമാനിച്ചതിനെ തുടർന്ന് ഡിസൈൻ ജോലിക്കായി 11.12.2013 തീയതിയിൽ ഭരണാനുമതി നൽകി. 27.12.2013ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടി ടെണ്ടറിന് ഒരു കരാറുകാരുടെയും മറുപടി ലഭിച്ചില്ല. ആയതിനാൽ പുനർ ദർഘാസ് പരസ്യം നൽകി 30.01.2014 തീയതിയിൽ റീടെണ്ടർ വിളിച്ചതിൻ പ്രകാരം തിരുവനന്തപുരത്തുള്ള റൂബി സോഫ്റ്റ് കൺസൾട്ടന്റിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ